## 610

*രീതി: സീയോൻ യാത്രയതിൽ*

കരുണാസാഗരമേ-ദേവാ തരിക നിൻ കൃപാവരങ്ങൾ

ജീവിച്ചാലും നാഥാ! മരിച്ചാലും ദേവാ
മഹിമ തൃപ്പാദത്തിലേറ്റിടുവാൻ-

1 പാപത്തെ വെറുത്തിടുവാൻ -ഈ ലോകത്തെ ജയിച്ചിടുവാൻ
ദൈവത്തിൻ ശക്തിയിൽ ഞാൻ-നിത്യം ഭക്തിയിൽ വളർന്നിടുവാൻ-

2 ദൈവത്തിൽ വസിച്ചിടുവാൻ-ദിവ്യസ്നേഹത്തിൽ രസിച്ചിടുവാൻ
ആത്മാവിൽ ഫലം കായ്പാൻ-നാഥാ തരിക നിൻകൃപാവരങ്ങൾ-

3 തിരുഹിതം തികച്ചിടുവാൻ-നാഥാ! യാഗമായ് സമർപ്പിക്കുവാൻ
പരിശുദ്ധനനുരൂപമായ് രൂപാന്തരം വരുത്തിടുവാൻ-

4 വരവിന്നായൊരുങ്ങിടുവാൻ-പ്രാണപ്രിയനെയെതിരേൽക്കുവാൻ
വിശുദ്ധിയെ തികച്ചിടുവാൻ-കർത്താ തരികനിൻ വരദാനങ്ങൾ-

**J.S.**